# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2528 | 01/4/2013 -ൽ മറുപടിക്ക്

## പ്രസവകാല വേതനം നിശ്ചയിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിലെ ഇപ്പോഴത്തെ അംഗത്വം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) 5,77,933 പേർ അംഗങ്ങളായുണ്ട്. |
| (ബി) നിയമപ്രകാരം അംഗത്വമുള്ള വനിതാ ജീവനക്കാരുടെ പ്രസവകാല വേതനം 12 ആഴ്ചക്കാലത്തെ വേതനത്തിനു തുല്യമായ തുകയായിരിക്കുമെന്ന് തീരുമാനമുണ്ടെങ്കിലും പ്രസവകാല വേതനം 5000/- (അയ്യായിരം) രൂപയായി നിശ്ചയിച്ച നടപടി തിരുത്തുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 27/3/2012-ലെ സ.ഉ.(എം.എസ്) നമ്പർ 53/12/തൊഴിൽ വിജ്ഞാപനപ്രകാരം 'അസംഘടിതമേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി-2012' നിലവിൽവന്ന ശേഷം നടന്ന പ്രസവങ്ങൾക്ക് ബോർഡിൽ ലഭിച്ച ധനസഹായ അപേക്ഷകളിൽ ബോർഡിൽ നിന്നും നൽകിവരുന്ന പരമാവധി തുകയായ 5000/- രൂപയ്ക്ക് പുറമെ ടി പദ്ധതി പ്രകാരമുള്ള തുക കൂടി ഉൾപ്പെടുത്തി പരമാവധി 15,000/- രൂപ ധനസഹായമായി അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ